ഉത്തരം

(എ) ഇരുപത്തിഒന്നു സെക്ഷനുകളും 12 [പന്ത്രണ്ട്] ഓഫീസർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ചെയ്തുകൊണ്ടിരിക്കുന്ന ജോലിയിൽ പൊതുവായ വർദ്ധനവുണ്ടാകുമ്പോഴും സാങ്കേതിക സ്വഭാവമുള്ളതും അല്ലാത്തതുമായ പുതിയ ജോലികൾ ഏറെടുക്കേണ്ടിവരുമ്പോഴും അതിനത്യാവശ്യമായി വേണ്ടിവരുന്ന പുതിയ തസ്തികകൾ മാത്രമാണ് സൃഷ്ടിക്കാറുള്ളത്. കൂടാതെ ചില പ്രത്യേക ജോലികൾക്കായി ക്ലിപ്തകാലത്തേക്കും താൽക്കാലിക തസ്തികകൾ സൃഷ്ടിക്കാറുണ്ട്. ആ ജോലികൾ കഴിഞ്ഞാൽ അവ നിർത്തലാക്കുകയും ചെയ്യും. അതിനാൽ ഈ വിഷയത്തിൽ മറ്റു വകുപ്പുകളുമായുള്ള താരതമ്യപഠനത്തിന് പ്രസക്തിയില്ല.

(സി) ധനകാര്യവകുപ്പിൽ ജോലിയില്ലാത്ത സെക്ഷനുകൾ ഇല്ല.

(ഡി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പത്രങ്ങൾക്ക് പരസ്യം കൊടുത്ത വകയിൽ ചെലവ്

1029 [1647] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ മാർച്ച് ഒന്നുവരെ പത്രങ്ങൾക്ക് പരസ്യം കൊടുത്ത വകയിൽ ഗവൺമെൻറിന് എന്തു ചെലവ് വന്നിട്ടുണ്ട്;

(ബി) ഏതെല്ലാം പത്രത്തിനാണ് പരസ്യം കൊടുത്തിട്ടുള്ളത്;

(സി) ഓരോ പത്രത്തിനും പരസ്യം കൊടുത്തതിന് ചെലവായ സംഖ്യ എത്ര വീതം?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) വിവരം ശേഖരിച്ചു വരുന്നു.

പൂയപ്പള്ളിയിൽ ഒരു സബ് ട്രഷറി

1030 [1648] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ പൂയപ്പള്ളി പ്രദേശത്ത് ഒരു സബ് ട്രഷറി തുടങ്ങുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത സാമ്പത്തിക വർഷംതന്നെ പ്രസ്തുത സബ് ട്രഷറിയുടെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

† അനുബന്ധം—4

LIBRARY ARCHIVES Kerala Legislative Assembly